**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3880**

**15-05-2017 ലെ മറുപടി**

## ചിറ്റൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചിറ്റൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പും ജല അതോറിട്ടിയും വിവിധ പദ്ധതികൾമൂലവും കിഫ്ബി വഴിയും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; | (എ) & (ബി) | **ജലസേചന വകുപ്പ്**<br>ചിറ്റൂർ നിയോജക മണ്ഡലത്തിലെ 3 ഏരികളുടെ (കമ്പലത്തറ ഏരി, വെങ്കലക്കായം ഏരി, കന്നംപിടാരി ഏരി) സംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തി, പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് ചിറ്റൂർ ബ്ലോക്കുകളിലെ മഴനിഴൽ മേഖലയിലുള്ള കുളങ്ങളുടെ നവീകരണം, ചെക്കുഡാമുകളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>പി.എം.കെ.എസ്.വൈ ജില്ലാ ഇറിഗേഷൻ പ്ലാനിൽ ചിറ്റൂർ നിയോജകമണ്ഡലത്തിൽ 11 വി.സി.ബി/ റെഗുലേറ്ററുകളുടെ നിർമ്മാണം, 4 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ, കുളങ്ങളുടെ നവീകരണം തുടങ്ങിയ ജലസേചന പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. ചിറ്റൂർ പുഴയ്ക്ക് കുറുകെ വടകരപ്പള്ളിക്കും വളവു പാലത്തിനും ഇടയിൽ രണ്ട് റെഗുലേറ്ററുകൾ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ പര്യവേഷണ പ്രവൃത്തികൾ നടത്തിവരുന്നു.<br>**കേരള ജല അതോറിറ്റി**<br>അറ്റകുറ്റപണികൾ കുറയ്ക്കുക എന്ന ഉദ്ദേശത്തോടെ 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ കിഫ്ബി മുഖാന്തിരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ നിയോജകമണ്ഡലത്തിൽ കൊഴിഞ്ഞാംപാറയ്ക്കും സമീപ വില്ലേജുകൾക്കുമായിട്ടുള്ള സമഗ്ര കുടിവെള്ള പദ്ധതിയിൽ 200 mm എ.സി.ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിനിന് മൂങ്കിൽമട ജലസംഭരണി മുതൽ സത്രം സംപ് വരെ മാറ്റി സ്ഥാപിക്കാൻ 5.43 കോടി രൂപയുടെ പ്രൊപ്പോസൽ നിലവിലുണ്ട്.<br>NRDWP 2016-ൽ ഉൾപ്പെടുത്തി എലപ്പുള്ളി, നല്ലേപ്പുള്ളി, |
| (ബി) | ഓരോന്നിനും വകയിരുത്തിയിട്ടുള്ള തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ? | | |

പെരുമാട്ടി, പട്ടഞ്ചേരി സമ്പൂർണ്ണ കുടിവെള്ള പദ്ധതി - ഒന്നാം ഘട്ടത്തിന് 34.22 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2017-18 ലെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾക്ക് മൊത്തം തുകയുടെ 20% തുക വകയിരുത്തിയിട്ടുണ്ട്.

1. ജലഗ്രാമം-കൊഴിഞ്ഞാമ്പാറ-വടകരപതി-എരുത്തേമ്പതി-സമ്പൂർണ്ണ കുടിവെള്ള പദ്ധതി രണ്ടാംഘട്ടം - മൊത്തം തുക - 29 കോടി
   വകയിരുത്തിയത് - 5.80 കോടി
2. എല്പ്പുള്ളി, നല്ലേപ്പുള്ളി, പെരുമാട്ടി, പട്ടഞ്ചേരി സമ്പൂർണ്ണ കുടിവെള്ള പദ്ധതി - രണ്ടാംഘട്ടം - മൊത്തം തുക — 25 കോടി
   വകയിരുത്തിയത് -5.00 കോടി

കൂടാതെ 2017-18 വാർഷിക പദ്ധതി - ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ചിറ്റൂർ-തത്തമംഗലം മുനിസിപ്പാലിറ്റിക്കും-വടവന്നൂർ ഗ്രാമപഞ്ചായത്തിനും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയും (15 കോടി) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**<u>പ്രോജക്ട്സ് 1</u>**

ഈ കാര്യാലയത്തിന് കീഴിലെ ചിറ്റൂർ ഡിവിഷനിൽ മൂലത്തറ വലതുകര പ്രധാന കനാൽ, കോരയാർ മുതൽ വരട്ടയാർ വരെ നീട്ടുന്നതിനുള്ള പ്രവൃത്തി കിഫ്ബി വഴിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പഴയ നിരക്കിലുള്ള ഡി.പി.ആർ പ്രകാരം 49.50 കോടി രൂപയാണ് പദ്ധതി അടങ്കൽ തുക. പുതിയ നിരക്കിലുള്ള ഡി.പി.ആർ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**<u>ഭൂജല വകുപ്പ്</u>**

ജലക്രാന്തി പദ്ധതിയിലുൾപ്പെടുത്തി 2017 മുതൽ 2021 വരെ 180 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് ചിറ്റൂർ നിയോജക മണ്ഡലത്തിലെ ജലഗ്രാമങ്ങളായ എരുത്തേമ്പതി, വടകരപ്പതി എന്നിവയ്ക്കായി നൽകിയിട്ടുണ്ട്. ഭൂജലവകുപ്പിന്റെ കൃത്രിമ ഭൂജല പരിപോഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ മണ്ഡലത്തിൽ 10 സ്ഥലങ്ങളിൽ തുറന്ന കിണർ റീചാർജിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**